## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T.3303 | | 19.06.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **ജൻറം പദ്ധതി** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | ജൻറം പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയാണോ; പ്രസ്തുത പദ്ധതി കേരളത്തിൽ ആരംഭിച്ച തീയതി, ഇതിനായി ചെലവാക്കിയതുക (കേന്ദ്രവും കേരളവും തിരിച്ച്),ഇതിന്റെ കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ, ഇതിനായി നിശ്ചയിച്ചിരുന്ന കാലാവധി, പദ്ധതി എത്ര തവണ നീട്ടിനൽകി തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ജൻറം ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. തിരുവനന്തപുരം, കൊച്ചി എന്നീ രണ്ട് നഗരങ്ങളെയാണ് കേരളത്തിൽ നിന്നും പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിരുന്നത്. പദ്ധതി ആരംഭിച്ചത് 03/12/2005 - ലാണ്.<br><br>**ചെലവായ തുക**<br>കേന്ദ്രം - 387.89 കോടി രൂപ<br>സംസ്ഥാനം - 145.14 കോടി രൂപ<br>നഗരസഭാവിഹിതം - 70.94 കോടി രൂപ<br>**ആകെ - 603 കോടി രൂപ**<br><br>**നടപ്പിലാക്കിയ പദ്ധതികൾ**<br>1. ജലവിതരണ പദ്ധതികൾ<br>2. ഖരമാലിന്യ സംസ്കരണ പദ്ധതി<br>3. സ്വീവറേജ് സംവിധാനം<br>4. സ്റ്റോം വാട്ടർ ഡ്രെയിനേജ്<br>5. നഗര ഗതാഗതം (പ്രൊക്യൂർമെന്റ് ഓഫ് ബസ്സ്)<br>6. ട്രാഫിക്ക് & ട്രാൻസ്പോർട്ടേഷൻ<br>7. ഇ-ഗവേണൻസ്<br><br>പദ്ധതി കാലാവധി 31/03/2012-ൽ അവസാനിച്ചു. രണ്ടു തവണ കൂടി ദീർഘിപ്പിച്ചു നൽകി. ആദ്യതവണ 31/03/2014 വരെയും രണ്ടാമത് 31.03.2015 വരെയുമാണ് ദീർഘിപ്പിച്ചത്. കൂടാതെ ട്രാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തി 400 ബസ്സുകൾ വാങ്ങി നല്കുന്ന പദ്ധതിയും നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതി 31/03/2017-ൽ അവസാനിച്ചു.<br><br>ടി പദ്ധതിക്ക് ചെലവായ തുക - 217.91 കോടി രൂപ<br>കേന്ദ്രവിഹിതം - 100.53 കോടി രൂപ<br>സംസ്ഥാന വിഹിതം - 117.38 കോടി രൂപ |

| | | | |
|---|---|---|---|
| (ബി) | ജൻറം പദ്ധതി പൂർണ്ണമായും അവസാനിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ വിശദാംശങ്ങൾ, പദ്ധതി കരാർ നീട്ടിനൽകിയ തീയതി, കരാർ എന്ന് തീരും തുടങ്ങിയ വിവരങ്ങൾ നൽകാമോ; | (ബി) | കൊച്ചി കോർപ്പറേഷനിലെ ജൻറം പദ്ധതി അവസാനിച്ചു. തിരുവനന്തപുരം കോർപ്പറേഷനിലെ<br>1. ജല വിതരണ പദ്ധതിയുടെ പാക്കേജ് WP4 & WP6 കരാർ തീരുന്ന തീയതി 31/08/2019, പാക്കേജ് WP1 - കരാർ തീരുന്ന തീയതി 31/12/2019<br>2. സ്വീവറേജ് പ്രോജക്ട് - കരാർ തീരുന്ന തീയതി - 31/12/2019 |
| (സി) | മേൽപദ്ധതി നടപ്പിലാക്കാൻ എത്ര ജീവനക്കാരെ (തരംതിരിച്ച്) കരാർ അടിസ്ഥാനത്തിൽ നിയമിച്ചുവെന്നും എത്രകാലത്തേക്കാണ് പ്രസ്തുത ജീവനക്കാരെ നിയമിച്ചതെന്നും അത് നീട്ടിനൽകിയെങ്കിൽ എത്രനാൾ വരെയെന്നും അവർക്ക് നൽകിയ പ്രതിമാസ ശമ്പളം എത്രയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ജൻറം പദ്ധതി നോഡൽ ഏജൻസിയായ കെ.എസ്.യു.ഡി.പി. മുഖേന നടപ്പിലാക്കിയതിനാൽ പ്രത്യേകം ജീവനക്കാരെ നിയമിച്ചിട്ടില്ല. |
| (ഡി) | പദ്ധതിയുടെ കാലാവധി നീട്ടിനൽകിയ ശേഷം കേന്ദ്രഫണ്ട് ലഭിച്ചിട്ടുണ്ടോ;വിശദമാക്കാമോ; | (ഡി) | ഇല്ല. |
| (ഇ) | കേന്ദ്രപദ്ധതിയായ അമൃത്-ന്റെ നിലവിലെ സ്ഥിതി, ആരംഭിച്ച പ്രവൃത്തികൾ എന്നിവ വ്യക്തമാക്കാമോ; | (ഇ) | സംസ്ഥാനത്ത് 6 കോർപ്പറേഷനുകളിലും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ മുനിസിപ്പാലിറ്റികളിലും ശുദ്ധജല വിതരണം, സ്വീവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയ്നേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ അഞ്ച് മേഖലകളിലായി 2357.66 കോടി രൂപയുടെ 1024 പദ്ധതികൾക്കാണ്(മുഖ്യപദ്ധതികൾ 388) 2015-16, 2016-17, 2017-18 എന്നീ മൂന്ന് വാർഷിക പദ്ധതികളിലായി അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 2248.82 കോടി രൂപയുടെ 1023 പദ്ധതികൾക്ക് ഭരണാനുമതിയും 2120.37 കോടി രൂപയുടെ 1015 പദ്ധതികൾക്ക് സാങ്കേതികാനുമതിയും 2019.35 കോടി രൂപയുടെ 1014 പദ്ധതികളുടെ ടെണ്ടർ നടപടികളും 1575.96 കോടി രൂപയുടെ 933 പദ്ധതികളുടെ വർക്ക് അവാർഡും നടന്നിട്ടുണ്ട്. വർക്ക് അവാർഡ് ചെയ്തിട്ടുള്ള പദ്ധതികളിൽ 237 പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതും 554 പദ്ധതികളുടെ പ്രവൃത്തികൾ നടന്നു വരുന്നതും 142 പദ്ധതികളുടെ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. നാളിതുവരെ 458.25 കോടി രൂപ പദ്ധതിക്കായി ചെലവ് ചെയ്തിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (എഫ്) | അമൃത് പദ്ധതിയ്ക്ക് കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇതിനായി നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ എടുക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ? | (എഫ്) | ഉണ്ട്, അമൃത് നഗരങ്ങളിലെ നഗരസഭ നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി നഗരസഭകളിൽ കരാർ അടിസ്ഥാനത്തിൽ 13 സിവിൽ എഞ്ചിനീയർമാരെയും 29 ഓവർസിയർമാരെയും നിയമിക്കുന്നതിന് അമൃത് പദ്ധതിയുടെ ഉന്നതാധികാര സമിതി അംഗീകാരം നല്കിയതുപ്രകാരം നഗരസഭകൾ മുഖാന്തിരം അപേക്ഷകൾ സ്വീകരിച്ച് ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി നഗരസഭകൾ നേരിട്ടാണ് നിയമനം നടത്തിയിട്ടുള്ളത്. നിലവിൽ നഗരസഭകളിൽ ഒഴിവുകൾ ഇല്ല. |

സെക്ഷൻ ഓഫീസർ